**പതിമൂന്നാം കേരള നിയമസഭ**

**പത്താം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.2542** **27.01.2014-ൽ മറുപടിക്ക്**

**സർക്കാർ ആശുപത്രികളിലെ സിസേറിയൻ നിരക്ക്**

| ചോദ്യം | മറുപടി |
|---|---|
| **ശ്രീമതി.കെ.എസ്.സലീഖ** | **ശ്രീ.വി.എസ്.ശിവകുമാർ**<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി) |
| (എ) സ്വകാര്യ ആശുപത്രികളിലെ പ്രവർത്തനം പോലെ സംസ്ഥാനത്തെ സർക്കാർ ആശുപത്രികളിൽ സിസേറിയൻ പ്രസവങ്ങളുടെ നിരക്കിലെ വർദ്ധനവ് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ; | (എ) ആരോഗ്യ വകുപ്പിനു കീഴിലെ സർക്കാർ ആശുപത്രികളിൽ സിസേറിയൻ പ്രസവങ്ങളുടെ നിരക്കിലെ വർദ്ധനവ് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.<br>മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിലെ സർക്കാർ മെഡിക്കൽ കോളേജുകളിൽ 24 മണിക്കൂറും പ്രസവം നടക്കുന്നതിനുള്ള സൗകര്യം ലഭ്യമായതിനാൽ അത്യാവശ്യ ഘട്ടങ്ങളിൽ മാത്രമേ സിസേറിയൻ നടത്താറുള്ളൂ. അതിനാൽ തന്നെ സിസേറിയൻ പ്രസവങ്ങളുടെ നിരക്കിൽ കാര്യമായ വ്യത്യാസം അനുഭവപ്പെടാറില്ല. പ്രാദേശിക തലത്തിലെ ആശുപത്രികളിൽ നിന്നും ഗുരുതരാവസ്ഥയിലുള്ള രോഗികളെ മെഡിക്കൽ കോളേജ് ആശുപത്രികളിലേക്ക് റഫർ ചെയ്യാറുണ്ട്. |
| (ബി) 2013 ജനുവരി മുതൽ ഡിസംബർ 31 വരെ ഓരോ മാസവും സർക്കാർ ആശുപത്രികളിൽ നടത്തിയ സിസേറിയൻ പ്രസവങ്ങളുടെ പ്രസവനിരക്ക് ജില്ലാടിസ്ഥാനത്തിൽ വ്യക്തമാക്കുമോ; | (ബി) ആരോഗ്യ വകുപ്പിൻ കീഴിലുള്ള സർക്കാർ ആശുപത്രികളിൽ നടത്തിയ സിസേറിയൻ പ്രസവങ്ങളുടെ പ്രസവനിരക്ക് സംബന്ധിച്ച വിവരം അനുബന്ധം -1 ആയി ചേർത്തിരിക്കുന്നു.<br>സർക്കാർ മെഡിക്കൽ കോളേജുകളെ സംബന്ധിച്ച് 30 - 40 ശതമാനം വരെയാണ് പ്രതിമാസ സിസേറിയൻ ശരാശരി. ഇതിൽ കാര്യമായ വ്യത്യാസം സാധാരണഗതിയിൽ വരാറില്ല. |
| (സി) ഇതു സംബന്ധിച്ച് ആരോഗ്യ വകുപ്പ് എന്തെങ്കിലും അന്വേഷണം നടത്തിയോ; എങ്കിൽ കണ്ടെത്തിയ വിഷയങ്ങൾ എന്തെല്ലാം; വ്യക്തമാക്കുമോ; | (സി) ഇതിനെ സംബന്ധിച്ച് ആരോഗ്യ വകുപ്പ് മന്ത്രിയുടെ നിർദ്ദേശം അനുസരിച്ച് ആരോഗ്യ വകുപ്പ് ഡയറക്ടർ അന്വേഷണം നടത്തിയിട്ടുണ്ട്. റിപ്പോർട്ടിന്റെ പകർപ്പ് അനുബന്ധം - 2 ആയി ചേർത്തിരിക്കുന്നു. |

| | |
|---|---|
| (ഡി) ഇത് സംബന്ധിച്ച് സംസ്ഥാനത്ത് എത്ര ഡോക്ടർമാർക്ക് വകുപ്പ് സെക്രട്ടറി കാരണം കാണിക്കൽ നോട്ടീസ് നൽകി; ആയത് സംബന്ധിച്ച് എത്ര ഡോക്ടർമാർ നാളിതുവരെ മറുപടി നൽകി; ജില്ല തിരിച്ച് വ്യക്തമാക്കുമോ; | (ഡി) 171 ഡോക്ടർമാർക്ക് കാരണം കാണിക്കൽ നോട്ടീസ് നൽകി. ഇതിൽ 92 പേർ മറുപടി നൽകിയിട്ടുണ്ട്. ജില്ല തിരിച്ചുള്ള കണക്ക് അനുബന്ധം -3 ആയി ചേർത്തിരിക്കുന്നു. ബാക്കിയുള്ളവരുടെ രേഖാമൂലമുള്ള വിശദീകരണം ശേഖരിച്ചു വരുന്നു. ജില്ലാ തലത്തിൽ അവലോകന യോഗങ്ങളിൽ സിസേറിയൻ നിരിക്കിനെ സംബന്ധിച്ചുള്ള കണക്കുകൾ വിലയിരുത്തുകയും ജില്ലാതല ഓഫീസർമാർ പ്രസവം നടക്കുന്ന ആശുപത്രികൾ സന്ദർശിച്ച് കൂടുതൽ സിസേറിയൻ ചെയ്യുന്ന ഡോക്ടർമാരുമായി നേരിട്ട് ആശയവിനിമയം നടത്തുകയും ചെയ്യുന്നുണ്ട്. കൂടാതെ സിസേറിയൻ നിരക്ക് കുറയ്ക്കാനായി ഇറക്കിയ ഗവൺമെന്റ് ഓർഡറിലെ നിർദ്ദേശങ്ങൾ നടപ്പിലാക്കി വരുന്നു. |
| (ഇ) ഇതു സംബന്ധിച്ച് ലോകാരോഗ്യ സംഘടനയുടെ പ്രസവനിരക്കും ഇപ്പോഴുള്ള സംസ്ഥാന നിരക്കും എന്താണെന്ന് വ്യക്തമാക്കുമോ ; | (ഇ) 2013 ജനുവരി മുതൽ ഡിസംബർ വരെയുള്ള സംസ്ഥാനത്തെ പബ്ലിക് ഇൻസ്റ്റിറ്റ്യൂഷൻ സിസേറിയൻ നിരക്ക് 39.56% ആണ്. ലോകാരോഗ്യ സംഘടനയുടെ നിരക്ക് 15% ആണ്. |
| (എഫ്) സിസേറിയൻ നിരക്കിൽ കൂടുതൽ വർദ്ധനയുള്ള സംസ്ഥാനത്തെ 10 സർക്കാർ ആശുപത്രികൾ ഏതെല്ലാം എന്ന് വ്യക്തമാക്കുമോ; | (എഫ്) അനുബന്ധം - 4 ആയി ചേർത്തിരിക്കുന്നു. |
| (ജി) എറണാകുളം, കൊല്ലം ജില്ലകളിലെ ചില സ്വകാര്യ ആശുപത്രികളിൽ 90 ശതമാനത്തോളമാണ് സിസേറിയൻ നിരക്ക് എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കാമോ; | (ജി) ഓരോ സ്വകാര്യ ആശുപത്രിയിലെയും കണക്ക് പ്രത്യേകമായി ശേഖരിക്കുന്നില്ല. |
| (എച്ച്) എങ്കിൽ ഇത്തര ത്തിൽ സിസേറിയൻ നിരക്ക് കൂടുന്നത് തടയുവാൻ | (എച്ച്) സർക്കാർ ആശുപത്രികളിലെ സിസ്സേറിയൻ നിരക്ക് നിയന്ത്രിക്കുന്നതിനുവേണ്ടി ഗർഭകാല പരിചരണവും, പ്രസവശുശ്രൂഷയുമായി ബന്ധപ്പെട്ട് |

| | |
|---|---|
| സർക്കാർ / സ്വകാര്യ ആശുപത്രികളെ നിയന്ത്രിക്കാൻ എന്തു നടപടി സ്വീകരിക്കും എന്ന് വ്യക്തമാക്കുമോ? | വിശദമായ ഗൈഡ്‌ലൈനുകൾ ഉൾക്കൊള്ളുന്ന 07.05.2011-ലെ ജി.ഒ(ആർ.ടി)നം.1791/2011/ആകവ സർക്കാർ ഉത്തരവ് ഇറക്കിയിട്ടുണ്ട്. പ്രസവമെടുക്കുന്ന ആശുപത്രികളിലെ ഡോക്ടർമാർക്ക് ഇതനുസരിച്ചുള്ള പരിശീലനങ്ങളും നൽകുകയുണ്ടായി. സിസ്സേറിയൻ നിരക്ക് സംബന്ധിച്ച കാര്യങ്ങൾ ആശുപത്രി തലത്തിലും, ജില്ലാ തലത്തിലും, ആരോഗ്യ വകുപ്പ് ഡയറക്ടർ തലത്തിലും എല്ലാ മാസവും വിലയിരുത്താറുണ്ട്. |

Sobhy

സെക്ഷൻ ഓഫീസർ

**അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്**